"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- ശ്രീ അജ്മൽ എസ് ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലെ ഓഫീസ് മാനേജർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിലുള്ള നിയമനം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.804/2024/DMD    തീയതി 21-10-2024,തിരുവനന്തപുരം

---

പരാമർശം:-

1) സ.ഉ(പി) 45/2013/ധന തീയതി 22/01/2013
2) സ.ഉ(സാധാ) നം 546/2023/ഡിഎംഡി തീയതി 02/09/2023
3) 31/08/2024 തീയതിയിലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ LR/7392/2023/LR(E5) നമ്പർ കത്ത്
4) 19/09/2024ന് ശ്രീ അജ്മൽ സമർപ്പിച്ച അപേക്ഷ
5) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 02/09/2024, 24/09/2024 തീയതിയിലെ MTO VII/1667/2023/SDMA-KSDMA നമ്പർ കത്തുകൾ

**ഉത്തരവ്**

റവന്യൂ എസ്റ്റാബ്ലിഷ്മെൻ്റിൽ ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് ആയ ശ്രീ അജ്മൽ എസിനെ പരാമർശം 2 പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് ഓഫീസ് മാനേജരായി നിയമിക്കുകയുണ്ടായി. പ്രസ്തുത നിയമനത്തിന്റെ കാലാവധി 01/09/2024ന് അവസാനിച്ച സാഹചര്യത്തിൽ നിയമനം ഒരു വർഷത്തേയ്ക്ക് കൂടി നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം 4 പ്രകാരം ടിയാൻ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ശ്രീ അജ്മലിന്റെ അന്യത്രസേവന കാലാവധി നീട്ടി നൽകുന്നതിൽ തടസ്സമില്ലായെന്ന് അറിയിച്ച് പരാമർശം 3 പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ No Objection Certificate സമർപ്പിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലെ ടിയാന്റെ അന്യത്ര സേവന കാലാവധി 02/09/2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി നീട്ടി അനുവദിക്കണമെന്ന് പരാമർശം 5 പ്രകാരം മെമ്പർ സെക്രട്ടറി, KSDMA അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ ഓഫീസ് മാനേജർ തസ്തികയിയിൽ അന്യത്ര സേവന വ്യവസ്ഥയിലുള്ള ശ്രീ അജ്മൽ എസ് ന്റെ നിയമനം പരാമർശം 1 ലെ നിബന്ധനകൾക്കും അന്യത്രസേവനം സംബന്ധിച്ച നിലവിലെ വ്യവസ്ഥകൾക്കും വിധേയമായി 02/09/2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി നീട്ടി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അഭിലാഷ് എസ്

അണ്ടർ സെക്രട്ടറി

കമ്മീഷണർ, ദുരന്ത നിവാരണം

കമ്മീഷണർ, ലാൻഡ് റവന്യൂ

മെമ്പർ സെക്രട്ടറി, KSDMA

ശ്രീ അജ്മൽ എസ്, ഓഫീസ് മാനേജർ, KSDMA

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sivaprasad V N
Date: 21-10-2024 16:21:05
സെക്ഷൻ ഓഫീസർ